ഇഹ്സാൻ

# ആർക്കോ വേണ്ടി പേറുന്ന നാണക്കേടുകൾ

**മ**റ്റേതു രാജ്യത്തായിരുന്നുവെങ്കിലും മുംബൈ കേസ് ഇങ്ങനെയാവുമായിരുന്നില്ല അന്വേഷിക്കപ്പെടുക. ഇന്ത്യയല്ലാത്ത മറ്റെവിടെയെങ്കിലും ഇത്ര പരസ്യമായി അന്വേഷണ ഉദ്യോഗസ്ഥർ പൊതുജനത്തോടു നുണപറയാനും ധൈര്യപ്പെടില്ലായിരുന്നു. പാകിസ്താനിൽനിന്നും പുറപ്പെട്ട ഭീകരർ മുംബൈയിലിറങ്ങിയ ബോട്ടിൽനിന്നും 15 ഓവർക്കോട്ടുകൾ കണ്ടെടുത്തുവെന്നും രണ്ട് റബർ ബോട്ടുകളിൽ വ്യത്യസ്ത സംഘങ്ങളായാണ് ഇവർ വന്നിറങ്ങിയതെന്നും പൊതുജനത്തോടു പറഞ്ഞ പോലീസാണ് ഒടുവിൽ അക്രമികളുടെ എണ്ണം വെറും 10 പേരിലേക്കു ചുരുക്കിക്കെട്ടുന്നത്. ഇത്രക്കു നിർലജ്ജമായി കേസന്വേഷണത്തെ സാമാന്യബുദ്ധിയിൽനിന്നും വേർപെടുത്തിയ മറ്റൊരു സംഭവവും ഇന്ത്യാ ചരിത്രത്തിൽ ഉണ്ടായിട്ടില്ല. ഇന്ത്യയിൽ നടന്ന ഈ ഭീകരാക്രമണത്തിൽ ചുരുങ്ങിയത് 50 ഗറില്ലകൾ പങ്കെടുത്തിട്ടുണ്ടാവാമെന്ന റഷ്യൻ ചാരസംഘടനാ മേധാവി വ്ളാദിമിർ ല്യൂക്കിന്റെ അഭിപ്രായ പ്രകടനം ശ്രദ്ധിക്കുക. ഇന്ത്യ ആവശ്യപ്പെടുകയാണെങ്കിൽ ഇക്കാര്യത്തിൽ റഷ്യ തെളിവ് നൽകാൻ സന്നദ്ധമാണെന്നും അദ്ദേഹം പറയുന്നു. ബാക്കിയുള്ള ഈ 40 പേർ ആരൊക്കെയാവാമെന്ന അദ്ദേഹത്തിന്റെ തെളിവ് നമുക്ക് ആവശ്യമുണ്ടാവാനിടയില്ല. റഷ്യക്കാരനെ ഉദ്ധരിച്ചത് മറ്റൊന്നിനുമല്ല. മറ്റേതോ രാജ്യത്തിരുന്ന് കാര്യങ്ങൾ വിലയിരുത്തുന്നവർക്കു പോലും വെറും പത്തേപത്ത് പാകിസ്താനികൾ വിചാരിച്ചാൽ ഇന്ത്യയെ ഇവ്വിധം 62 മണിക്കൂർ നേരം വിറപ്പിച്ചു നിർത്താനാവുമെന്ന് വിശ്വസിക്കാൻ കഴിയുന്നില്ല. പക്ഷേ നമ്മുടെ മഹാബുദ്ധിമാന്മാരായ കുറ്റാന്വേഷകർക്ക് അങ്ങനെ വിശ്വസിക്കുന്നതിൽ ഒരു നാണക്കേടും തോന്നുന്നുമില്ല.

ഒമ്പത് വ്യത്യസ്ത കേന്ദ്രങ്ങളിലായി മൊത്തം പന്ത്രണ്ട് ആക്രമണങ്ങളാണ് മുംബൈയിൽ നടന്നത്. കൊല്ലപ്പെട്ട പത്ത് പേർ വിചാരിച്ചാൽ ഇത് സാധ്യമാവുമെങ്കിൽ വല്ലാത്തൊരു രാജ്യം തന്നെ നമ്മുടേത്. താജ്ഹോട്ടലിന്റെ പതിനാല് നിലകളിലെയും താമസക്കാരെയും എൻ.എസ്.ജി കമാണ്ടോകളെയും വിറപ്പിച്ചു നിർത്തിയത് പുതിയ കണക്കനുസരിച്ച് രണ്ടേരണ്ടു തീവ്രവാദികളാണ്! ഹോട്ടലിന്റെ ഓരോ നിലകളിലും ഒരാൾ വീതം ആക്രമണത്തിന് രംഗത്തുണ്ടായിരുന്നെങ്കിൽ പോലും ഇത്ര കനത്ത തോതിൽ ആൾനാശമുണ്ടാക്കാനും മൂന്നു ദിവസത്തോളം ഏറ്റുമുട്ടൽ തുടർന്നു കൊണ്ടുപോവാനും കഴിയില്ലായിരുന്നു. ഈ കണക്കിന്റെ പരിഹാസ്യത ബോധ്യപ്പെട്ടതിനു ശേഷമായിരിക്കണം രണ്ടല്ല ആറു പേരാണ് താജിലുണ്ടായിരുന്നതെന്ന് പോലീസ് പറയാൻ തുടങ്ങിയത്. ഇത് വസ്തുതയാണെങ്കിൽ തന്നെ കുറെക്കൂടി വലിയ ഊരാക്കുടുക്കിലാണ് അന്വേഷണസംഘം ചെന്നെത്തുന്നത്. ഇക്കൂട്ടത്തിലെ രണ്ടുപേരെ റെയിൽവേ സ്റ്റേഷനിലും മറ്റു രണ്ടുപേരെ നരിമാൻ ഹൗസിലും വരവുവെക്കുക. അപ്പോൾ ആരായിരുന്നു ഒബ്റോയി ഹോട്ടലിൽ ആക്രമണം നടത്തിയവർ?

ഭീകരാക്രമണത്തിൽ കൊല്ലപ്പെട്ട ചില ബന്ദികളുടെ മുഖം തിരിച്ചറിയാനാവാത്ത വിധം വികൃതമാക്കപ്പെട്ടിരുന്നുവെന്ന റിഡിഫ് ഡോട്ട് കോം വാർത്തയിൽ ഈ ദുരൂഹതകളെ കുറിച്ച ചില ഉത്തരങ്ങളുണ്ടെന്നു തോന്നുന്നു. പോസ്റ്റ്മോർട്ടം നടത്തിയ ഡോക്ടർമാർ പറയുന്നത്, ഇതേപോലെ വികൃതമാക്കപ്പെട്ട ശവങ്ങൾ ജീവിതത്തിലൊരിക്കലും കണ്ടിട്ടില്ലെന്നാണ്. ഇക്കൂട്ടത്തിൽ ഭീകരരുടെ ശവങ്ങളും ഉൾപ്പെട്ടിരുന്നു. മരണത്തെ ആഘോഷമാക്കാൻ പുറപ്പെട്ട ഫിദായീനുകൾക്ക് എന്തുകൊണ്ട് ഇത്തരമൊരു നീക്കം ആവശ്യമായി വരുന്നു? മരിച്ചവന്റെ മുഖം തിരിച്ചറിഞ്ഞാൽ അവർക്കു കൂടുതൽ നേട്ടമെന്നല്ലാതെ നഷ്ടം എന്തായിരുന്നു? ഭീകരരും ബന്ദികളും ഒരേപോലെ ഈ ദുരന്തത്തിന് ഇരയായിട്ടുണ്ടെങ്കിൽ രണ്ട് സാധ്യതകളിലേക്കാണ് അത് വിരൽ ചൂണ്ടുന്നത്. ഒന്നുകിൽ ഇങ്ങനെ കൊല്ലപ്പെട്ട എല്ലാവരും ബന്ദികൾ തന്നെ ആയിക്കൊള്ളണമെന്നില്ല. ഹോട്ടലിലെ താമസക്കാരായി ചിത്രീകരിക്കപ്പെട്ട ഈ ആളുകൾ, അതായത് വിദേശികളടക്കമുള്ളവർ, ആരുമാവാൻ ഇടയുണ്ട്. എൻ.എസ്.ജി കമാണ്ടോകളുമായി ഏറ്റുമുട്ടുന്നതിനിടെ ബന്ദികളെ കൊല്ലുക മാത്രമല്ല അവരുടെ മുഖം വികൃതമാക്കുക കൂടി ഭീകരന് ചെയ്യേണ്ടിയിരുന്നുവെങ്കിൽ പോലീസിന്റെ കണക്കുകൂട്ടലുകൾ പിന്നെയും തെറ്റും. ദൂരെ നിന്നും വെടിവെച്ചു വീഴ്ത്തുന്നതിനു പുറമെ അടുത്തുചെന്ന് ശവങ്ങളെ മാന്തിപ്പൊളിക്കുക കൂടി ചെയ്യണമെങ്കിൽ ഭീകരരുടെ സംഘത്തിൽ എങ്ങനെ വിലയിരുത്തിയാലും രണ്ട് പേർ മാത്രം പോരായിരുന്നു.

ഇവിടെ കുറെക്കൂടി കുഴക്കുന്ന ചില സാഹചര്യങ്ങളുമുണ്ട്. ഓപ്പറേഷനിടയിൽ കൊല്ലപ്പെട്ട അക്രമികളിൽ ഒരാളുടെ രണ്ട് കണ്ണിലും വെടിയേറ്റിരുന്നുവെന്നാണ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. കണ്ണിലേക്ക് നിറയൊഴിക്കണമെങ്കിൽ കമാണ്ടോകൾ അവരുടെ അത്രത്തോളം അടുത്തെത്തിയിരുന്നുവെന്നും വെടിയേറ്റവൻ പൂർണമായും നിരായുധനാക്കപ്പെട്ടിരുന്നു എന്നുമാണ് ഊഹിക്കാനാവുക. എന്നിട്ട് എന്തുകൊണ്ട് അവനെ കമാണ്ടോകൾ പിടികൂടിയില്ല? കൊന്നത് കമാണ്ടോകൾ തന്നെയായിരുന്നോ എന്ന സംശയമുയരുന്നത് ഈ സാഹചര്യത്തിലാണ്. കമാണ്ടോകളും ഭീകരരുമല്ലാത്ത മൂന്നാമത് ഒരു സംഘം കൂടി ഹോട്ടലിനകത്തുണ്ടായിരുന്നുവെന്ന് സംശയിക്കേണ്ടി വരുന്നു. ഈ മൂന്നാമത്തെ സംഘം കൂട്ടത്തിൽ പെട്ട ചിലരെ തെളിവുകൾ അവശേഷിക്കാത്തവിധം കൊന്നുമുടിച്ച് ഹോട്ടലിലെ താമസക്കാരോടൊപ്പം പുറത്തേക്കിറങ്ങി രക്ഷപ്പെട്ടു എന്ന് ന്യായമായും സംശയിക്കാവുന്നതാണ്. 'രക്ഷപ്പെടുത്തിയ' വിദേശികളടക്കമുള്ള ഹോട്ടലിലെ താമസക്കാരെ അവരുടെ വിരലടയാളങ്ങൾ പോലും പകർത്താതെ രക്ഷപ്പെടാൻ അനുവദിച്ച മുംബൈ പോലീസിന്റെ നടപടിയെ വിശേഷിപ്പിക്കാൻ നമുക്കു വാക്കുകൾ ഇല്ലാതാവുന്നത് ഈ സാഹചര്യത്തിലാണ്.

തങ്ങൾ നേരത്തേ അച്ചടിച്ചതും തത്സമയം സംപ്രേഷണം ചെയ്തതുമായ പല വാർത്തകളും എല്ലാ മാധ്യമങ്ങളും സൗകര്യപൂർവം മറച്ചുപിടിക്കുകയാണ് ചെയ്യുന്നത്. ഭീകരർ അസ്സലായി മറാത്തി ഭാഷ സംസാരിച്ചിരുന്നുവെന്ന് കാമാ ഹോസ്പിറ്റലിനു സമീപം ചില ദൃക്സാക്ഷികളെ ഉദ്ധരിച്ച് നിരവധി പത്രങ്ങൾ റിപ്പോർട്ടു ചെയ്തിരുന്നു. ഈ മറാത്തി ഭീകരരാണ് കർക്കരെയെ കൊന്നതെന്നാണ് ഒടുവിൽ കേൾക്കാനുള്ള കുശുകുശുക്കൽ. കർക്കരെ കൊല്ലപ്പെട്ടത് എവിടെ വെച്ചാണെന്ന് പോലീസ് ഇപ്പോഴും ഉരുണ്ടുകളിക്കുകയാണ് ചെയ്യുന്നത്. ഈ സംഭവം നടന്നത് വി.ടി സ്റ്റേഷനിലാണെന്നും താജ്ഹോട്ടലിലായിരുന്നുവെന്നും വ്യത്യസ്ത റിപ്പോർട്ടുകളുണ്ട്. വി.ടി സ്റ്റേഷനിൽ നിന്നും ഓറഞ്ചു വസ്ത്രങ്ങൾ ധരിച്ച രണ്ടു യുവാക്കൾ കർക്കരെയെ പോലെ തോന്നിക്കുന്ന ഒരാളെ പുറത്തേക്ക് വലിച്ചുകൊണ്ടുവരുന്നത് സി.എൻ.എൻ-ഐ.ബി.എൻ പുറത്തുവിട്ട ദൃശ്യങ്ങളിലും ഉണ്ടായിരുന്നു.

ഇന്ത്യൻ മാധ്യമങ്ങൾ പതിവുപോലെ അധികാരികളുടെ ഭാഷ്യങ്ങൾ വിഴുങ്ങി വിസർജിച്ച് പൊതുജനത്തിന്റെ മുഖത്തേക്കെറിയുന്നതിൽ മാത്രമാണ് പരസ്പരം മത്സരിക്കുന്നത്. യാഥാർഥ്യങ്ങളെ മറച്ചുപിടിക്കുന്നതിൽ ഒറ്റ ചാനലിനു പോലുമില്ല നാണക്കേട്. മുംബൈയിൽ എത്ര ഭീകരർ രംഗത്തുണ്ടായിരുന്നുവെന്ന് കണ്ടെത്താൻ ഒരുത്തനെങ്കിലും ധൈര്യമുണ്ടോ? ഹിന്ദി ടി.വി ചാനൽ ആജ്തക് ഒന്നാന്തരം ഉദാഹരണം. സജൻ കപൂർ എന്ന ബന്ദി ഹോട്ടലിൽനിന്നും ചാനലിനു നൽകിയ ടെലിഫോൺ അഭിമുഖത്തിൽ പറയുന്നത് 17 കൊലയാളികളെയെങ്കിലും അദ്ദേഹത്തിന് എണ്ണാനായി എന്നാണ്. ഈ കപൂറിന്റെ വാക്കുകൾ പിന്നീടൊരിക്കലും ആജ്തക് പ്രേക്ഷകനെ കേൾപ്പിച്ചതേയില്ല. കപൂറിനാണോ ആജ്തകിനാണോ അബദ്ധം പറ്റിയത്? ആര് ആരെയാണ് മുംബൈയിൽ ഒതുക്കുന്നത്? ■